# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 20/02/2020

## കാപ്പാ പ്രതി മംഗൽ പാണ്ഡെയ്ക്കും കൂട്ടാളിക്കും വധശ്രമകേസിൽ 7 വർഷം വീതം കഠിന തടവ്


മംഗൽ പാണ്ഡെ

കൊല്ലം : ഇരവിപുരം പോലീസ് സ്റ്റേഷൻ പരിധിയിൽ 2017 മാർച്ച് 2ന് മുണ്ടക്കൽ പുത്തൻനട ഇലഞ്ഞിക്കൽ ക്ഷേത്രത്തിലെ ഉൽസവത്തോടനുബന്ധിച്ച് നടന്ന ഗാനമേളക്കിടയിൽ ഡാൻസ് ചെയ്ത യുവാക്കളെ കുത്തിക്കൊലപ്പെടുത്തുവാൻ ശ്രമിച്ച കേസിൽ തെക്കേവിള പെരുമ്പള്ളി തൊടിയിൽ വീട്ടിൽ മംഗൽപാണ്ഡെ എന്ന് വിളിക്കുന്ന എബിൻ പെരേര, കൂട്ടാളി ഉദയമാർത്താണ്ഡപുരം എആർഎസ് വില്ലയിൽ ജാക്സൺ ഡിക്രൂസ് എന്നിവരെ കൊല്ലം രണ്ടാം അഡീ. സെഷൻസ് ജഡ്ജ് 7 വർഷം വീതം കഠിന തടവും 50000/- രൂപാ വീതം പിഴയും ശിക്ഷ വിധിച്ചു. മുണ്ടക്കൽ സൗഹാർദ്ദ നഗർ എസ്എസ് മൻസിലിൽ ശ്യം, പുളിയിക്കൽ കിഴക്കതിൽ രാജേഷ്, ഗായത്രിയിൽ ശബരീനാഥ്, പനമൂട് നഗർ തോണ്ടലിൽ വീട്ടിൽ വിവേക് എന്നിവരെയാണ് നാട്ടിലെ കുപ്രസിദ്ധ ഗുണ്ടകളും ക്രിമിനലുകളുമായ പ്രതികൾ കുത്തിക്കൊലപ്പെടുത്തുവാൻ ശ്രമിച്ചത്. കേസിലെ സാക്ഷികളെ ഭീഷണിപ്പെടുത്തിയെന്ന പരാതിയുണ്ടായതിനെ തുടർന്ന് കൊല്ലം എസിപി യുടെ നേതൃത്വത്തിൽ സാക്ഷികൾക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരുന്നു. പ്രതിയായ മംഗൽ പാണ്ഡെ 2019 ഡിസംബർ 27 തീയതി മുതൽ കാപ്പ നിയമപ്രകാരം വിയ്യൂർ സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിൽ കഴിഞ്ഞ് വരികയാണ്. ടിയാനെതിരെ കഴിഞ്ഞ 7 വർഷത്തിനുള്ളിൽ വിവിധ പോലീസ് സ്റ്റേഷനുകളിലായി കൊലപാതകശ്രമം, കഠിനദേഹോപദ്രവം, ഭീഷണിപ്പെടുത്തൽ മയക്കുമരുന്ന് വ്യാപാരം, ഭവനഭേദനം, തട്ടിക്കൊണ്ടുപോകൽ, കവർച്ച തുടങ്ങി 14 കേസുകൾ നിലവിലുണ്ട്. ഇരവിപുരം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ജ്യോതിസുധാകർ രജിസ്റ്റർ ചെയ്ത കേസിൽ ഇൻപെക്ടർ ബി. പങ്കജാക്ഷൻ പ്രതികൾക്കെതിരായ അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ച കേസിലാണ് ശിക്ഷ വിധിച്ചത്.